**"ഭരണഭാഷ – മാതൃഭാഷ"**

**വ്യാവസായിക പരിശീലനവകുപ്പ്**

**(കേരളസംസ്ഥാനം)**

<u>അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം</u>

(നിലവിൽ: മിനി മാത്യു)

വിഷയം:- വ്യാവസായിക പരിശീലനവകുപ്പ് - ആസ്ഥാന കാര്യാലയം -ലയാളം ഭാഷ വാരാഘോഷം 2024 - സ്ഥാപനങ്ങൾക്ക് തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- (1) ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (ഔദ്യോഗികഭാഷാ) വകുപ്പിന്റെ 24.09.2024 ലെ ഒ.എൽ4/29/2024/പി&എആർഡി നമ്പർ സർക്കുലർ.

(2). വകുപ്പുതല ഔദ്യോഗിക ഭാഷാ സമിതിയുടെ 16.10.2024. ലെ യോഗ തീരുമാനം.

**<u>ഉത്തരവ് നമ്പർ: ഡിറ്റി/4319/2024 -എ5 തീയതി: 04-11-2024</u>**

എല്ലാ സർക്കാർ സ്ഥാപനങ്ങളിലും നവംബർ ഒന്നു മുതൽ ഏഴു വരെ മലയാളം ഭാഷ വാരാഘോഷം വിവിധ പരിപാടികളോടുകൂടി സംഘടിപ്പിക്കുന്നതിനും, ആയതിലേക്കുള്ള ചെലവ് മലയാളം ഭാഷാ പുരോഗതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും വിനിയോഗിക്കുന്നതിനും സൂചന (1) പ്രകാരം നിർദ്ദേശം ലഭിച്ചിരുന്നു. വ്യാവസായിക പരിശീലന വകുപ്പിൽ 2024 - 25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ഇനത്തിൽ മലയാള ഭാഷാ പുരോഗതിക്കായി ഐ.ടി.ഐ ശീഷകത്തിൽ 25,000/- രൂപയും ആർ.ഐ.സെന്റർ ശീർഷകത്തിൽ 2000/- രൂപയും മേഖലാ കേന്ദ്രം കണ്ണൂരിന്റെ ശിർഷകത്തിൽ 1000/- രൂപയും ആസ്ഥാന കാര്യാലയത്തിന്റെ ശീർഷകകത്തിൽ 10,000/- രൂപയും ലഭ്യമായിട്ടുണ്ട്.

ഐടിഐ ശീർഷകത്തിൽ ലഭ്യമായ തുക ഇടുക്കി, പത്തനംതിട്ട, വയനാട് എന്നീ നോഡൽ ഐ.ടി.ഐ കൾക്ക് 1000/- രൂപ വീതവും ബാക്കി 11 നോഡൽ ഐ.ടി.ഐ കൾക്കും 2000/- രൂപ വീതവും അനുവദിക്കുന്നതിനും ആർ.ഐ സെന്റർ ശീർഷകത്തിൽ ലഭ്യമായ തുക ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കണ്ണൂർ എന്നീ ആർ.ഐ. സെന്ററുകൾക്ക് 500/- രൂപ വീതം അനുവദിക്കുന്നതിനും മേഖലാ കേന്ദ്രം കണ്ണൂർ, ആസ്ഥാന കാര്യാലയം എന്നിവയ്ക്ക് അനുവദിച്ച തുക പൂർണമായും അതാത് സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നതിനും സൂചന രണ്ട് പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ മലയാളം ഭാഷാ പുരോഗതിക്കായി ഐ.ടി.ഐ ശീഷകത്തിൽ അനുവദിച്ച 25000/- രൂപ ഇടുക്കി, പത്തനംതിട്ട, വയനാട് എന്നീ നോഡൽ ഐ.ടി.ഐ കൾക്ക് 1000/- രൂപ വീതവും, ബാക്കി 11 നോഡൽ ഐ.ടി.ഐ കൾക്ക് 2000/- രൂപ വീതവും ആർ.ഐ സെന്റർ ശീർഷകത്തിൽ ലഭ്യമായ തുക ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കണ്ണൂർ എന്നീ ആർ.ഐ. സെന്ററുകൾക്ക് 500/- രൂപ വീതവും മേഖലാ കേന്ദ്രം കണ്ണൂർ, ആസ്ഥാന കാര്യാലയം എന്നിവയ്ക്ക് അനുവദിച്ച തുക പൂർണമായും അതാത് സ്ഥാപനങ്ങൾക്കും അനുവദിക്കുന്നതിന് അക്കൗണ്ട് ഓഫീസർ ഒന്നിന് അനുമതി നൽകി ഉത്തരവാകുന്നു. നിലവിൽ ബഡ്ജറ്റ് വിഹിതം പൂർണമായും ലഭ്യമായിട്ടില്ലായെങ്കിൽ ലഭ്യമായ തുകകൾ ഇപ്പോൾ അനുവദിക്കേണ്ടതും, ബാക്കി തുക ആയത് ലഭ്യമാകുന്ന മുറയ്ക്ക് അനുവദിക്കേണ്ടതുമാണ്. സ്ഥാപന മേധാവികൾ ലഭ്യമായ തുകകൾ പൂർണ്ണമായും വിനിയോഗിക്കേണ്ടതും ഉപയോഗ സാക്ഷ്യപത്രം 28/02/2025 ന് മുമ്പായി ഈ കാര്യത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

**//ഉത്തരവിൻ പ്രകാരം//**

Signed by

Ajith Kumar J B

Date: 05-11-2024 11:21:17

**സീനിയർ സൂപ്രണ്ട്**

സ്വീകർത്താവ്.

(1) എല്ലാ സ്ഥാപന മേധാവികൾക്കും (വകുപ്പ് വെബ്സൈറ്റ് മുഖേനെ)

(2) ബി2 സീറ്റ്